പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1870 01.11.2019-ലെ മറുപടിക്ക്

**മാനന്തവാടി - കോയമ്പത്തൂർ കെ.എസ്.ആർ.ടി.സി. സർവ്വീസ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഒ. ആർ. കേളു | | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മാനന്തവാടിയിൽ നിന്നും പുതുതായി ആരംഭിച്ച കോയമ്പത്തൂർ കെ.എസ്.ആർ.ടി.സി. സർവ്വീസ് സ്പെയർ ബസ് ഇല്ലാത്തതിനാൽ മുടങ്ങുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സർവീസ് ആരംഭിച്ചതിനുശേഷം ഏതെങ്കിലും ദിവസം ബസ് റിപ്പയർ ചെയ്യുന്നതിന്റെ ആവശ്യത്തിലേയ്ക്കായി മുടങ്ങിയ സ്ഥിതി ഉണ്ടായിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ വിഷയം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (സി) | മാനന്തവാടി ഡിപ്പോയിൽ നിന്നും പുതുതായി കോയമ്പത്തൂർ സർവ്വീസ് ആരംഭിക്കുന്നതിന് ഒരു സൂപ്പർ ഫാസ്റ്റ് ബസ് അനുവദിച്ചിട്ടുണ്ട്. ടി ബസ്സിന്റെ തകരാറ് മൂലം സർവ്വീസ് നടത്തിപ്പ് മുടങ്ങിയിട്ടുണ്ട്. എന്നാൽ അന്തർസംസ്ഥാന കരാർ വ്യവസ്ഥകൾ പ്രകാരം 5 ബസ്സുകൾക്ക് ആനുപാതികമായി ഒരു സ്പെയർ ബസ് എന്ന നിരക്കിലാണ് അനുവദിച്ച് വരുന്നത്. നിലവിൽ ഒരു സൂപ്പർ ഫാസ്റ്റ് ബസ് അനുവദിച്ചിട്ടുള്ള മാനന്തവാടി – കോയമ്പത്തൂർ സർവ്വീസിനായി മറ്റൊരു സ്പെയർ ബസ് അനുവദിക്കുന്നതിന് നിർവ്വാഹമില്ലാത്തതാണ്. നിലവിലെ സാഹചര്യത്തിൽ ഒരു ബസ് ഉപയോഗിച്ച് നടത്താൻ സാധിക്കുന്ന ഇന്റർസ്റ്റേറ്റ് സർവ്വീസിന് മറ്റൊരു ബസ് സ്പെയർ ആയി അനുവദിക്കാൻ നിർവ്വാഹമില്ല. ആയതിനാൽ ടി ബസ്സിന് വരുമാനം കുറവുള്ള ദിവസമോ അതാത് ദിവസം ഡിപ്പോയിൽ എത്തിയ ശേഷം സർവ്വീസ് മുടക്കാതെയോ പരമാവധി മെയിന്റനൻസ് ജോലികൾ നിർവ്വഹിക്കുന്നതിനുള്ള ക്രമീകരണം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ